(i) ഉർദുവിൽ

ഇന്ത്യാ-പാക് വിഭജനത്തിന് ശേഷം ഇന്ത്യയിലും പാകിസ്താനിലുമായാണ് ഉർദു സാഹിത്യം പുഷ്ടി പ്രാപിച്ചത്. വിഭജനത്തിന്റെ തൊട്ടുടനെത്തന്നെ ഈ രണ്ടു രാജ്യങ്ങളിലും ഇസ്‌ലാമിക സാഹിത്യ പ്രസ്ഥാനം സംഘടിത രൂപം കൈക്കൊണ്ടതായി നേരത്തെ പ്രസ്താവിച്ചിട്ടുണ്ട്. പാകിസ്താനിലെ ഇസ്‌ലാമിക സാഹിത്യകാരന്മാരിൽ നഈം സിദ്ദീഖി, മാഹിറുൽ ഖാദിരി, ഇഹ്സാൻ ദാനിശ്, നസ്‌റുല്ലാ ഖാൻ അസീസ്, അബ്ദുൽ അസീസ് ഖാലിദ്, സലീം അഹ്മദ്, പ്രൊഫ. ഫുറൂഗ് അഹ്മദ്, ആസി ദിയാഇ, സബാ അക്ബറാബാദി, അക്ബർ കാളിമി, അബ്ദുൽ കരീം ഥമർ, റാസിഖ് ഇർഫാനി, തഹ്സീൻ ഫിറാഖി, ഖയ്യൂം നസ്ർ തുടങ്ങിയ കവികളുടെ രചനകൾ കലാപരമായിത്തന്നെ മികച്ച നിലവാരം പുലർത്തുന്നവയാണ്. അബ്ദുൽ അസീസ് ഖാലിദ്, സലീം അഹ്മദ്, നഈം സിദ്ദീഖി, മാഹിറുൽ ഖാദിരി തുടങ്ങിയവരുടെ കൃതികളും ചിന്തകളും സമഗ്രമായി നിരൂപണ പഠനങ്ങൾക്ക് വിധേയമാക്കപ്പെടുന്നുണ്ട്.

ഇന്ത്യയിലെ ഇസ്‌ലാമിക സാഹിത്യകാരന്മാരിൽ ശഫീഖ് ജോൺപൂരി, ഹഫീള് മീറഠി, സുഹൈൽ അഹ്മദ് സൈദി, ആമിർ ഉഥ്മാനി, അബുൽമുജാഹിദ് സാഹിദ്, റശീദ് കൗഥർ ഫാറൂഖി, മാനൂസ് സഹ്സറാമി, മുഹ്സിൻ അൻസ്വാരി, മാഇൽ ഖൈറാബാദി, ഡോ. സയ്യിദ് ജമാൽ അഹ്മദ് അമീനാബാദി, ഹാദിഖ് ദിയാഇ, ഫാറൂഖ് ബാൻസ്പാരി, മുഹമ്മദ് നിയാസ് മീറഠി, ശബ്നം സുബ്ഹാനി, അസീസ് ബഖ്റവി, ശാകിർ തസ്‌ലീം മീറഠി, ഡോ. ഇബ്നുഫരീദ് എന്നിവർ പ്രത്യേകം ശ്രദ്ധേയരാണ്. തഅ്മീരി ഇസ്‌ലാമിക സാഹിത്യത്തിന്റെ സജീവ പ്രവർത്തകർ എന്നതിന് പുറമേ, ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ കലാമൂല്യമുള്ള സാഹിത്യ സൃഷ്ടികൾ നടത്തുന്നവരാണിവർ. ഇവർക്കു പുറമേ റോശ് സിദ്ദീഖി, നാസിശ് പർതാബ്ഗഡി, ഫദാ ഇബ്നുഫൈദി, കലീം ആജിസ്, ഉറൂജ് സൈദി, അലീം സബാ നവീദി, ഫറാസ് സുൽത്വാൻ പൂരി, അസീസ് ബൽഗാമി തുടങ്ങിയവരും തങ്ങളുടെ കവിതകൾകൊണ്ട് ഇസ്‌ലാമിക സാഹിത്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നവരാണ്.

നയ്യർ ബാനു, ബിൻതുൽ ഇസ്‌ലാം, ഉമ്മുസ്സുബൈർ, ഹമീദഃ ബീഗം, ബാനൂ ഖുദ്സിയ്യ, സർവർ ജഹാൻ, ഥാഖിബഃ റഹീമുദ്ദീൻ, ബൽഖീസ് കശ്ഫി, നസീമഃ തുർമുദി, അൽത്വാഫ് ഫാത്വിമഃ തുടങ്ങിയ ഒട്ടേറെ വനിതാ എഴുത്തുകാരികളും ഉർദുവിൽ ഇസ്‌ലാമിക സാഹിത്യത്തെ പരിപുഷ്ടമാക്കുന്നതിൽ സജീവ പങ്കുവഹിച്ചുവരുന്നു. സൽമാ യാസ്മീന്റെ പേര് പ്രത്യേകം പരാമർശനീയമാണ്. ഇസ്‌ലാമിക സാഹിത്യപ്രസ്ഥാനത്തിലെ രണ്ടാം തലമുറക്കാരുടെ കൂട്ടത്തിലാണ് ഇവർ എണ്ണപ്പെടുന്നത്. *കൂയെ മലാമത്, ബൂയെ ഗുൽ, ഹം നഫ്സ് ഗുൽ, സാഞ്ച് ദയ്യി പോൾദീസ്* തുടങ്ങിയ കൃതികൾ ഉർദു ചെറുകഥയുടെ ചരിത്രത്തിൽ വിസ്മരിക്കാനാവാത്ത സ്ഥാനം നേടിക്കഴിഞ്ഞിട്ടുണ്ട്. ഇഫ്ഫത് മോഹാനി, ആസി ദക്നി, അബീദ, ഉമ്മുയൂസുഫ്, ഉബൈല അള്ഹർ, ഫരീദ ളഹീർ, റഖ്ശന്ദ കൗകബ്, സ്വാഇബ സബൂഹി, ശമീമ സാലിം തുടങ്ങിയവരും രണ്ടാം തലമുറയിൽ ശ്രദ്ധപിടിച്ചുപറ്റിയവരാണ്. ഹരീം അദബെ പാകിസ്താൻ എന്ന പേരിൽ ഇസ്‌ലാമിക വീക്ഷണം പുലർത്തുന്ന വനിതാ എഴുത്തുകാരികളുടെ ഒരു സംഘം തന്നെ പാകിസ്താനിൽ നിശ്ശബ്ദമായ സാഹിത്യ സേവനം നടത്തിവരുന്നുണ്ട്.

''ഉർദുവിലെ രചനാത്മക കവിതകളെയും ഗദ്യത്തെയും വിലയിരുത്തുമ്പോൾ ഒരു കാര്യം അവഗണിച്ചുകൂടാത്തതാണ്. സാഹിത്യാഭിരുചിക്കൊപ്പം പ്രാസ്ഥാനിക വികാരത്തിന്റെ കൂടി സ്വാധീനത്തോടെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന കൃതികൾ മൂന്നാംകിട കൃതികളല്ല. ഒന്നാംകിട കൃതികൾ തന്നെയാണവ. ആഴത്തിൽ വിലയിരുത്തുമ്പോൾ മൂന്ന് ശ്രേണികളിലുള്ള കൃതികൾ ഇവയിലുണ്ടെന്ന് ബോധ്യമാകും: സത്യാസത്യ സംഘട്ടനങ്ങൾ തികച്ചും ആരോഗ്യകരമായി ചിത്രീകരിക്കുന്നതോടൊപ്പം സാഹിതീയമായും ഉയർന്ന നിലവാരം പുലർത്തുന്നവ. രചനാത്മക വശം ആരോഗ്യകരമാണെങ്കിലും സാഹിതീയമായി രണ്ടാം തരം മാത്രമായിട്ടുള്ളവ. രചനാത്മക വശം ശരിയാണെങ്കിലും സാഹിതീയ നിലവാരമില്ലാത്ത കേവലം പദ്യമോ ഗദ്യമോ മാത്രമായിരിക്കുന്നവ.''(ഡോ. അഹ്മദ് സജ്ജാദ്- *തഅ്മീരി അദബി തഹ്‌രീക് പേ. 86).*